(ഡി) കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പുതിയ ബാച്ച് ആരംഭിക്കുന്നതിന് 9-2-2016-ൽ സ.ഉ. (സാധാ) നമ്പർ 242/2016/പ.ജ.പ.വ.വി.വ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(സി) ഇൻക്യുബേറ്റിംഗ് ഏജൻസിയുമായി പുതിയ എം.ഒ.യു. ഒപ്പുവയ്ക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

ടോയ്ലറ്റ് നിർമ്മിക്കുന്നതിന് പദ്ധതി

284(985) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് ടോയ്ലറ്റ് നിർമ്മിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം*

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) വാസയോഗ്യമായ വീടുള്ളവരും ശുചിത്വമുള്ള ടോയ്ലറ്റ് സൗകര്യം ഇല്ലാത്തതുമായ പട്ടികജാതി കുടുംബങ്ങളെയാണ് പദ്ധതിക്കായി പരിഗണിക്കുന്നത്. 25,000 രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. 2012-13 മുതൽ 2014-15 വർഷം വരെ ആകെ 65000 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 15000 ഗുണഭോക്താക്കൾക്ക് സംസ്ഥാനത്തുടനീളം ടോയ്ലറ്റ് നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതി നൽകുകയും ജില്ലകൾക്ക് ഭൗതികലക്ഷ്യം നിശ്ചയിച്ച് ആവശ്യമായ ഫണ്ട് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനുള്ള തുടർനടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly